


# ദേശാടന കിളിയുടെ തൂവൽ

• എസ്. കമറുദ്ദീൻ

ദേശാടനപ്പക്ഷികളുടെ കൂട്ടം തിരിച്ചു പറക്കുമ്പോൾ ഒരു പക്ഷിയുടെ ചിറകിൽനിന്ന് മനോഹരമായ തൂവൽ തെറിച്ചു വീണു. പക്ഷികൾ അമ്പുപോലെ മുന്നോട്ടു പറന്നുകൊണ്ടിരുന്നു. പക്ഷേ ആ തൂവൽ വിലപിക്കാൻ തുടങ്ങി: ''എന്നെ ഉപേക്ഷിക്കരുതേ.. എന്നെ കൂടെ കൂട്ടൂ.'' പക്ഷേ, പക്ഷി നീണ്ട കഴുത്ത് തിരിച്ച്, ചിറകടി നിർത്താതെ വിളിച്ചു പറഞ്ഞു: ''കൂട്ടം തെറ്റിയാൽ ഞാനൊറ്റപ്പെടും.''

കാറ്റിൽ പതുക്കെ തൂവൽ താഴേക്ക് തെന്നിത്തെന്നി വീഴാൻ തുടങ്ങി. തൂവൽ കരുതി: 'എന്റെ ജീവിതം കഴിഞ്ഞു. കാട്ടിലോ റോട്ടിലോ വീണ്, ഉപേക്ഷിക്കപ്പെട്ടവനായി ജീർണ്ണിച്ചു പോകും.' വിഷമത്തോടെ, അലക്ഷ്യമായി അവൻ താഴേക്ക്

▸▸ സാലിം അലി തടാകം മഹാരാഷ്ട്രയിലാണ്.

താണുകൊണ്ടിരുന്നു.

ഒരു സുന്ദരമായ കൊച്ചു വീടിന്റെ മുറ്റത്താണ് അവൻ വീണത്. അവിടെ കളിച്ചുകൊണ്ടിരുന്ന കൊച്ചു സുന്ദരി ഫൈഹയുടെ മുന്നിൽ തൂവൽ പതുക്കെ, വളരെ പതുക്കെ പതിച്ചു. ഫൈഹക്ക് തൂവലുകളുടെ ഒരു ശേഖരമുണ്ട്. പുതിയൊരു തൂവൽ കണ്ടതും അവൾ അതെടുത്ത് വീടിനുള്ളിലേക്കോടി.

തൂവലിന് അൽഭുതമായി. താൻ ഇത്രയും പരിഗണിക്കപ്പെടുമെന്ന് അവൻ പ്രതീക്ഷിച്ചില്ല. അവൾ ആൽബത്തിലെ പുതിയൊരു പേജിൽ ചുവന്ന പേപ്പർ കൊണ്ട് ഉണ്ടാക്കിയ പോക്കറ്റിൽ തൂവലിനെ വെച്ചു. 'ഏതു പക്ഷിയുടെതാണീ തൂവൽ, എന്തു പേരാണ് എഴുതുക?'

ഫൈഹ ആൽബവുമായി ചേച്ചി ഹൈഫയുടെ അടുത്തെത്തി. മനോഹരമായ തൂവൽ കണ്ടപ്പോൾ ചിത്രകാരിയായ ഹൈഫക്കൊരാഗ്രഹം, തൂവൽ കൊണ്ടൊരു ചിത്രം വരച്ചാലോ? പല വർണ്ണങ്ങളിൽ ചാലിച്ച് മനോഹരമായ ചിത്രം പൂർത്തിയായപ്പോൾ തൂവലിന് അഭിമാനം തോന്നി. അവൾ തൂവലിനെ കഴുകി വൃത്തിയാക്കുമ്പോൾ അവരുടെ ഉമ്മ റുക്സാനയെത്തി.

കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിൽ മിടുക്കിയാണ് ഉമ്മ. ഇതുവരെ കണ്ടിട്ടില്ലാത്ത പല വർണങ്ങളുള്ള തൂവൽ കണ്ട് അവർ അൽഭുതം കൂറി. പിന്നെ, അലങ്കാര പാത്രത്തിൽ നൂൽ ചുറ്റി, തൂവൽ ചേർത്തുവെച്ചപ്പോൾ അതേറെ ഭംഗിയുള്ളതായി. അപ്പോഴാണ് വീടിനു പുറത്ത് ഒരു പക്ഷിയുടെ ചിലയ്ക്കൽ. പഴയ ദേശാടന പക്ഷിയാണ്. തന്റെ തൂവൽ തിരിച്ചു കിട്ടാൻ വന്നതാണ്. ആ പക്ഷിയെ കണ്ട് ആളുകൾ വട്ടം കൂടി.

തൂവൽ പറഞ്ഞു: ''ഞാനിനി മടങ്ങിവരുന്നില്ല. നീ എന്നെ ഉപേക്ഷിച്ചതല്ലേ... നോക്കൂ, എനിക്കീ ആൽബത്തിൽ ഒരു കൂടുണ്ട്. ഇത് ഞാൻ ഉൾപ്പെട്ട മനോഹരമായ ചിത്രം. ഞാൻ ചേർന്നുനിൽക്കുമ്പോൾ എത്ര ഭംഗിയുള്ളതാണീ പാത്രം! ഞാൻ സന്തോഷവതിയാണ്.''

ദേശാടന പക്ഷി സന്തോഷാശ്രു പൊഴിച്ച്, ചിറകടിച്ച് വേഗത്തിൽ പറന്നു പോയി. ഒരു പക്ഷിത്തൂവൽ കൂടി അതിന്റെ ചിറകിൽനിന്ന് താഴേക്ക് വീണു. ഫൈഹയും ഹൈഫയും അതിനായി ഒരുമിച്ച് മുന്നോട്ടോടി.

◈




▸▸ സാത്രിയ ആസാമിലെ ഒരു കലാരൂപമാണ്.